DESPATCHED
On..11.4.22



6/4/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2056(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 17520/SIC-G4/2021)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഏപ്രിൽ 5**

ശ്രീ. വി. തങ്കപ്പൻ,
മാടൻമുടുമ്പിൽ വീട്,
കൊഞ്ചിറവിള, കല്ലടിമുഖം,
മണക്കാട് പി.ഒ.,
തിരുവനന്തപുരം – 695 009.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ സൂപ്രണ്ട്,
കെ.എസ്.ഇ.ബി. പെരുമ്പുഴ സെക്ഷൻ,
കുണ്ടറ, കൊല്ലം – 691 504.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്,
കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
വെളിയം, കൊല്ലം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 12/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 03/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 23/09/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 29/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 29/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 05/04/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: എസ്.പി.ഐ.ഒ. മാർ | ഹാജരായി – ഓഡിയോ ഹാജരായിരുന്നു |

## ഉത്തരവ്

ശ്രീ. വി.തങ്കപ്പൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് തൃപ്തികരമല്ലാത്ത മറുപടിയാണ് നൽകിയതെന്നും

ആയതിനെതിരെ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും ആയതിനും കൃത്യമായ മറുപടിയല്ല ലഭിച്ചതെന്നും ആയതിനാൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകണമെന്നും നിയമവിരുദ്ധമായി മറുപടി നൽകിയ എതിർകക്ഷികൾക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും കൂടാതെ വിവരം ലഭ്യമാക്കാത്തതു കൊണ്ടുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് എതിർകക്ഷികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളുടെ പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകണമെന്നാണ്:

i. വേലൻപറമ്പ് കുടുംബശ്രീ ഗണപതി ആരാധനാലയത്തിന് മുകളിലൂടെ വൈദ്യുതി ലൈൻ സ്ഥാപിച്ചത് ഏത് തീയതിയിലാണെന്നും ആയതിന്റെ ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും

ii. അപ്രകാരം ക്ഷേത്രത്തിനു മുകളിലൂടെ വൈദ്യുതി ലൈൻ സ്ഥാപിക്കുവാൻ അപേക്ഷ നൽകിയത് ആരാണെന്നും ഏത് തീയതിയാണ് ടി അപേക്ഷയുടെ പകർപ്പ് സാക്ഷ്യപ്പെടുത്തിയ6 തന്നും

iii. അപ്രകാരം ക്ഷേത്രത്തിന് മുകളിലൂടെ വൈദ്യുതി ലൈൻ വലിക്കുവാൻ പുരയിടത്തിന്റെ ഉടമസ്ഥർ അനുമതി/സമ്മതപത്രം നൽകിയിട്ടുണ്ടോ എന്നും നൽകിയ തീയതി ഏതാണെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 09.8.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ആവശ്യപ്പെട്ട വിവരങ്ങൾ ടി ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും ലഭ്യമായിട്ടില്ല എന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 03.09.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 23.9.2021 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ പ്രസ്താവിച്ചത്, പ്രസ്തുത അമ്പലത്തിനു സമീപത്തായി സ്ഥാപിച്ചിരിക്കുന്ന ലൈനുകൾ ഏകദേശം മുപ്പതു വർഷങ്ങൾക്ക് മുൻപുള്ളതാണെന്നു മനസ്സിലാകുന്നു എന്നും അതുകൊണ്ടുതന്നെ അതിന്റെ രേഖകൾക്കും അത്രത്തോളം പഴക്കമുണ്ടെന്നും പ്രസ്തുത രേഖകൾ പെരുമ്പുഴ ഇലക്ട്രിക്കൽ സെക്ഷനിൽ ലഭ്യമല്ലാത്തതുകൊണ്ട് അപേക്ഷയിലെ 1, 2, 3 ചോദ്യങ്ങൾക്കുള്ള വിവരം ലഭ്യമല്ലെന്നും 4, 5 എന്നിവയ്ക്കുള്ള വിവരവും പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പെരുമ്പുഴയിൽ ലഭ്യമല്ലെന്നും ഇലക്ട്രിക്കൽ ഡിവിഷൻ കുണ്ടറയിലാണ് ലഭ്യമാകുക എന്നുമാണ്.

4. ഒന്നാം എതിർകക്ഷി 20.01.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 12.7.2021-ന് വേലൻപറമ്പ് കുടുംബശ്രീ ഗണപതി ആരാധനാലയ സെക്രട്ടറിയായ ശ്രീ.വി.തങ്കപ്പൻ നൽകിയ അപേക്ഷയിലെ കാര്യങ്ങൾ കാലപ്പഴക്കമുള്ള രേഖകളാകയാൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ, പെരുമ്പുഴ ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി ഏതു കൺസ്യൂമറിനു വേണ്ടിയാണ് ടി ആരാധനാലയത്തിനു മുകളിലൂടെ ലൈൻ വലിച്ചിരിക്കുന്നത് എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൻപ്രകാരം PKAA 45/12 എന്ന പോസ്റ്റിൽ നിന്നും അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന ആരാധനാലയത്തിന്റെ മുൻവശത്തെ ഷീറ്റു കൊണ്ടുള്ള കൂട്ടിച്ചേർക്കലിന്റെ മുകളിലൂടെ കടന്നുപോകുന്നത് സിംഗിൾ ഫേസ് ലൈനാണെന്നും, 6 സ്പാനുകളുള്ള ഈ ലൈനിൽ നിന്നും 9 പേർക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ടെന്നും ടി കൺസ്യൂമർ നമ്പറുകൾ പരിശോധിച്ചതിൽ ടി ഓഫീസിലെ 12354, 12356, 12772, 130714, 13208, 19885 എന്നീ വൈദ്യുത കണക്ഷനുകൾ പ്രസ്തുത ആരാധനാലയത്തിന്റെ വൈദ്യുത കണക്ഷനായ 20890 കണക്ഷൻ നൽകിയ തീയതിയായ 18.6.2012-ന് മുമ്പ് നൽകിയവ ആണെന്നും, ടി കണക്ഷനുകളിൽ ചിലത് 1965-ന് മുമ്പ് കോളനി വൈദ്യുതി വൽക്കരണവുമായി ബന്ധപ്പെട്ട് അന്നുണ്ടായിരുന്ന നടവഴിയുടെ അരികിലൂടെ ലൈൻ വലിച്ച് നൽകിയതുമാണെന്ന് മനസ്സിലാക്കുന്നു എന്നും ടി ലൈൻ വലിക്കുന്നതിന് ആരാധനാലയ അധികാരികളുടെ സമ്മതം ആവശ്യമുണ്ടായിരുന്നില്ല എന്നും വളരെ പഴക്കമുള്ള പ്രസ്തുത ലൈൻ വലിച്ചതിനെക്കുറിച്ച് 5.7.2019-ന് മുമ്പ് വരെ ആരാധനാലയ അധികാരികളോ മറ്റു വ്യക്തികളോ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതാണെന്നും വളരെ പഴക്കമുള്ള കണക്ഷനുകളുടെ കടലാസ് രേഖകൾ ടി ഓഫീസിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ അപേക്ഷയിലെ 1 മുതൽ 3 വരെയുള്ള ചോദ്യത്തിന് മറുപടി നൽകുവാൻ ആവശ്യമായ രേഖകൾ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും 4, 5 എന്നീ ചോദ്യങ്ങൾ ഇലക്ടിക്കൽ ഡിവിഷൻ കുണ്ടറയിൽ നൽകിയതുമായി ബന്ധപ്പെട്ടവയാകയാൽ ടി ഓഫീസിൽ ആയത് ലഭ്യമല്ലെന്നും ആയത് ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ പരാമർശിച്ച വൈദ്യുതി കണക്ഷൻ 1965-ന് മുമ്പ് കോളനി വൈദ്യുതി വൽക്കരണവുമായി ബന്ധപ്പെട്ട് അന്നുണ്ടായിരുന്ന നടവഴിയുടെ അരികിലൂടെ ലൈൻ വലിച്ച് നൽകിയതിനാൽ ആരാധനാലയ അധികാരികളുടെ സമ്മതപത്രം നേടിയായിരിക്കില്ല ലൈൻ വലിച്ചതെന്നും വർഷങ്ങൾക്ക് മുമ്പുള്ള അപേക്ഷ പ്രകാരമാണ് ലൈൻ വലിച്ചതെന്നതിനാൽ ലൈൻ വലിച്ച തീയതിയോ അപേക്ഷയുടെ പകർപ്പോ ലഭ്യമല്ലെന്നുമുള്ള ഒന്നാം

എതിർകക്ഷിയുടെ മറുപടിയിൽ അപാകത കാണുന്നില്ല. മാത്രമല്ല ഹർജിക്കാരന് വിവരം ലഭ്യമാക്കണമെന്ന സദ്ദുദേശത്തോടെ ഒന്നാം എതിർകക്ഷി സ്ഥലം സന്ദർശിച്ച് സ്കെച്ച് ഉൾപ്പെടെ തയ്യാറാക്കി ലഭ്യമായ വിവരം ഹർജിക്കാരന് നൽകിയിട്ടുമുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ ഹർജിക്കാരൻ 5.7.20219, 11.12.2020 എന്നീ തീയതികളിൽ നൽകിയ അപേക്ഷയിലെ 4, 5 എന്നീ ഇനങ്ങൾക്ക് കുണ്ടറ ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നുമാണ് മറുപടി നൽകേണ്ടത് എന്നതിനാൽ ടി ഇനങ്ങൾക്ക് മറുപടി നൽകുന്നതിനായി ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് കുണ്ടറ ഡിവിഷനിലേക്ക് 15.4.2022-നകം അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 5-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

us